**D2AML2402** **(2 Pages)** **Name.............................**
**Reg.No..........................**

**SECOND SEMESTER M.A. DEGREE EXAMINATION, APRIL 2025**
**(Regular/Improvement/Supplementary)**

**MALAYALAM WITH JOURNALISM**
**FMAL2C06 : ഭാഷാചരിത്രവും ആസൂത്രണവും**

**Time: 3 Hours** **Maximum Weightage : 30**

**ഭാഗം I: 1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 വെയ്റ്റേജ് വീതം.**

1. ദ്രാവിഡഭാഷാകുടുംബത്തിന്റെ സവിശേഷതകൾ വിവരിക്കുക.
2. സുറിയാനി മലയാളം അഥവാ കർസോനിയുടെ പ്രത്യേകതകൾ എന്തെല്ലാം? വിവരിക്കുക.
3. യൂണിക്കോഡിന്റെ സവിശേഷതകൾ വിവരിക്കുക.
4. നിർമ്മിതബുദ്ധി എന്നാൽ എന്താണ്?
5. തരിസാപ്പള്ളി പട്ടയത്തിന്റെ സാംസ്കാരികമായ പ്രാധാന്യം വിശദമാക്കുക.
6. മലയാളത്തിലെ യന്ത്രതർജ്ജമയുടെ പരിമിതികൾ വിശദീകരിക്കുക.
7. വാമൊഴിയിലും വരമൊഴിയിലുമുള്ള ഭാഷാസൂത്രണത്തിന്റെ സവിശേഷതകൾ വിലയിരുത്തുക.

**(4 x 2= 8 വെയ്റ്റേജ്)**

**ഭാഗം II: 8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് 4 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 3 വെയ്റ്റേജ് വീതം.**

8. മലയാളഭാഷയുടെ ഉല്പത്തിവികാസങ്ങൾ അടയാളപ്പെടുത്തുക.
9. ‘ബാലാഭ്യാസനം ഉപകാരവും ആവശ്യവുമാണ് എന്ന് മാത്രമല്ല മുഖ്യമായ ഒരു കടമകൂടിയാണ്’എന്ന ജോർജ് മാത്തന്റെ വാദത്തെ അദ്ദേഹം വിശദീകരിക്കുന്നത് എങ്ങനെയാണ്?
10. 2022ലെ മലയാള ലിപി പരിഷ്കരണത്തിന്റെ സവിശേഷതകൾ വിശദീകരിക്കുക.
11. ദാന്തെയുടെ മാതൃഭാഷാസങ്കല്പം വിശദീകരിക്കുക.
12. എഡിറ്ററില്ലാത്ത നവമാധ്യമങ്ങൾ ഉയർത്തുന്ന ഭാഷാപരമായ വെല്ലുവിളികൾ വിശകലനം ചെയ്യുക.
13. ഇന്ത്യയിലെ മലയാളം അച്ചടിയുടെ സാമാന്യ ചരിത്രം വിശദീകരിക്കുക.
14. നിർമിതബുദ്ധിയുടെ കാലത്തെ ഭാഷാസാങ്കേതികതയുടെ തലങ്ങൾ പരിശോധിക്കുക.

**(4 x 3= 12 വെയ്റ്റേജ്)**

(തുടർച്ച...2)

**ഭാഗം III: 15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് 6 പുറത്തിൽ  കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 5 വെയ്റ്റേജ് വീതം.**

15. ശാസനങ്ങൾ, ഭാഷാകൗടലീയം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ മലയാളഭാഷയുടെ വികാസപരിണാമങ്ങൾ വിശകലനം ചെയ്യുക.
16. ജോർജ് മാത്തൻ, ഏ. ആർ. രാജരാജവർമ്മ, മക്തിതങ്ങൾ എന്നിവരുടെ മാതൃഭാഷാനയങ്ങളും സമീപനരീതികളും വിശകലനം ചെയ്ത് അവയുടെ സാമൂഹികമായ പ്രാധാന്യം വിശദീകരിക്കുക.
17. മലയാളത്തിൽ വിവിധ കാലങ്ങളിലുണ്ടായ ലിപിപരിഷ്കരണശ്രമങ്ങൾ വിലയിരുത്തി അവയുടെ സവിശേഷതകൾ വിവരിക്കുക.
18. ഇംഗ്ലീഷ് ഭാഷയുടെ മേധാവിത്വം ഊന്നിപ്പറിയുന്നതിനു വേണ്ടി വരേണ്യവർഗം ഉന്നയിക്കുന്ന വാദഗതികൾ '*ഭാഷാശ്രേണികളുടെ*' അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക.

**(2 x 5= 10 വെയ്റ്റേജ്)**